## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.6085 — 02/04/2018 ൽ മറുപടിക്ക്

### ബാംബൂ കോർപ്പറേഷനിലെ താൽക്കാലിക തൊഴിലാളികൾ

**ചോദ്യം**
ശ്രീ. ജോൺ ഫെർണാണ്ടസ്

**ഉത്തരം**
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ ഹൈടെക്ക് ബാംബൂ ഫ്ലോറിംഗ് തൊഴിലാളികളെ നിയമിച്ചിട്ട് എട്ട് വർഷം കഴിഞ്ഞിട്ടുള്ളതിനാൽ ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) & (ബി) | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ നല്ലളം ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയിലേയ്ക്കായി സർക്കാർ 19/01/2010 ലെ G.O(Rt)No.93/2010/ID നമ്പർ ഉത്തരവ് പ്രകാരം 30 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. പ്രസ്തുത തസ്തികകളിൽ 27 പേരെ ബാംബൂ കോർപ്പറേഷൻ നേരിട്ട് നിയമിക്കുകയുണ്ടായി. പിന്നീട് പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുൻ വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20/02/2012 ന് കൂടിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ നല്ലളം ബാംബൂ ടൈൽസ് ഫാക്ടറിയിൽ നേരിട്ട് നിയമനം നടത്തിയവരെ ഉടൻ പിരിച്ചുവിടാനും, ഒഴിവുകളിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്താനുമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരുടെ പ്രൊബേഷൻ നിർണ്ണയിച്ച് സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ ബാംബൂ കോർപ്പറേഷൻ തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല. 2011 ൽ നിയമനം ലഭിച്ചവരിൽ നിലവിൽ 18 പേർ മാത്രമാണ് ഫാക്ടറിയിൽ സേവനമനുഷ്ഠിക്കുന്നത്. നിയമനം സ്ഥിരപ്പെടുത്തി അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് പ്രസ്തുത ജീവനക്കാർ സമർപ്പിച്ചിട്ടുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ